<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436</u> <u>07-10-2021 - ൽ മറുപടിയ്ക്ക്</u>

<u>ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി നൽകാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി നൽകുന്നതിനായി ലാൻഡ് ബാങ്ക് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ലാന്റ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് കേരള ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRM) ൽ സംയോജിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | മിച്ചഭൂമിയും അനധികൃത കൈയേറ്റങ്ങളും കണ്ടെത്തി ഭൂരഹിതർക്ക് ലഭ്യമാക്കാൻ ഈ സംവിധാനത്തിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കൃത്യവും കാര്യക്ഷമമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക,പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക,ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫൊർമേഷൻ ടെക്നോളജിയിലധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക,കടസ്റ്റൽ സർവേ ആധുനീകരിക്കുക,സർവേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക.എന്നീ ഉദ്ദേശങ്ങളോടെയാണ് KLRM രൂപീകരിച്ചിട്ടുള്ളത്. സർക്കാർ വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂ സംരക്ഷണ നിയമം 1957ലെയും 1958ലെയും അനുബന്ധ ചട്ടങ്ങളിലേയും 2009ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതാണ്.ഇത്തരത്തിൽ കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചെടുക്കുന്ന ഭൂമി ചട്ടപ്രകാരം പതിച്ച് നല്കാൻ കഴിയുന്നവ അതത് താലൂക്ക്/നഗര ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ തീരുമാനപ്രകാരം ഭൂ രഹിതർക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ